പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 1024

14/06/2012-ൽ മറുപടിക്ക്
നല്ലേണ്ടത്

'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. ദാസൻ | ശ്രീ അടൂർ പ്രകാശ് (റവന്യൂ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ള 'ഭൂരഹിത രില്ലാത്ത കേരളം'പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ ഇതുവരെ സ്വീകരിച്ചു എന്നത് വിശദമാക്കാമോ ; | (എ) 2015-ഓടെ ആരെയുംകൂടി ഭൂരഹിതരില്ലാത്ത സംസ്ഥാനമാക്കി കേരളത്തെ മാറ്റുക എന്ന ലക്ഷ്യത്തോടെ കൂടിയാണ് Zero Landless (citizens) Kerala 2015 എന്ന പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്. ഈ പദ്ധതിയുടെ പ്രാരംഭ നടപടിയായി സംസ്ഥാനത്തെ മുഴുവൻ ഭൂരഹിതരുടെയും വിവരം ശേഖരിക്കുന്നതിന് അപേക്ഷാ ഫാറങ്ങളുടെ വിതരണം വില്ലേജാഫീസുകൾ മുഖേന 09/03/2012ന് ആരംഭിച്ചിട്ടുള്ളതും ആയത് 18/06/2012ന് അവസാനിക്കുന്നതുമാണ്. വില്ലേജ് ആഫീസുകളിൽ തിരികെ ലഭിച്ച പൂരിപ്പിച്ച അപേക്ഷകളിന്മേൽ വില്ലേജ് ആഫിസർ, തഹസിൽദാർ എന്നിവരുടെ പ്രാഥമിക പരിശോധന 30/06/2012 ന് പൂർത്തിയാക്കി,സംസ്ഥാനത്ത് ആകെയുള്ള ഭൂരഹിതരുടെ കണക്ക് താലൂക്ക് ലാന്റ് അസൈൻമെന്റ് കമ്മിറ്റികളുടെ അംഗീകാരത്തിനായുള്ള അന്തിമലിസ്റ്റ് 15/08/2012 ന് പ്രസിദ്ധീകരിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. |
| (ബി) പ്രസ്തുത പദ്ധതിക്ക് ഏതെങ്കിലും മുൻ മാതൃകയുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) ഇന്ത്യയിലാദ്യമായാണ് ഒരു സംസ്ഥാനത്തെ മുഴുവൻ ഭൂരഹിതർക്കും ഭൂമി പതിച്ചു നല്കുന്നതിനായി ഇപ്രകാരം ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതിയ്ക്ക് ഒരു മുൻ മാതൃക ഇല്ല. |
| (സി) പ്രസ്തുത പദ്ധതിക്കായി ഇതുവരെ സംസ്ഥാനമാകെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് എന്നത് ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ ; | (സി) 04/06/2012 വരെ ലഭിച്ച അപേക്ഷകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു. |
| (ഡി) കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ ലഭിച്ചിരുന്ന അപേക്ഷകൾ എത്ര എന്നത് വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ; | (ഡി) പ്രസ്തുത പദ്ധതി പ്രകാരം കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ വില്ലേജാഫീസുകളിൽ ലഭിച്ച അപേക്ഷകളുടെ എണ്ണം (10/06/2012 വരെ) ചുവടെ ചേർക്കുന്നു.<br>1. ചേമഞ്ചേരി വില്ലേജ് - 13<br>2. ചെങ്ങോട്ട് കാവ് - 26<br>3. പന്തലായനി - 39<br>4. വിയ്യൂർ - 11 |

| | |
|---|---|
| | 5. മൂടാടി - 12<br>6. തിക്കോടി - 23<br>7. പയ്യോളി - 12<br>8. ഇരിങ്ങൽ - 12<br>9. അരിക്കുളം (ഭാഗികം) - 2 |
| (ഇ) പ്രസ്തുത പദ്ധതി പ്രകാരം അർഹരായവർക്ക് എത്ര സെന്റ് സ്ഥലമാണ് നൽകാൻ ഉദ്ദേശിക്കുന്നത് എന്നത് വ്യക്തമാക്കാമോ; ഇതിനാവശ്യമായ ഭൂമി എവിടെ നിന്ന് എങ്ങനെ കണ്ടെത്തുമെന്ന് വ്യക്തമാക്കാമോ ; ഇതിനായി എത്രമാത്രം ഭൂമി ലഭ്യമാണ് എന്ന് അറിയിക്കുമോ ; | (ഇ) ഭൂരഹിതരായ ഓരോ കുടുംബത്തിനും ഭവന നിർമ്മാണത്തിന് 3 സെന്റ് ഭൂമി വീതം നല്കുവാനാണ് പ്രസ്തുത പദ്ധതി പ്രകാരം ലക്ഷ്യമിട്ടിരിക്കുന്നത്. വില്ലേജാഫീസുകളിൽ നിന്നും ലഭിക്കുന്ന അപേക്ഷകളുടെ പ്രാഥമിക പരിശോധന പൂർത്തിയാക്കി സംസ്ഥാനത്താകെയുള്ള ഭൂരഹിതരുടെ താലൂക്ക് ലാന്റ് അസൈൻമെന്റ് കമ്മിറ്റികളുടെ പരിഗണനയ്ക്കായുള്ള അന്തിമ ലിസ്റ്റ് 15/08/2012ന് പ്രസിദ്ധീകരിക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ആയതിന് ശേഷം മാത്രമേ എത്ര ഭൂമി ആവശ്യമായി വരും എന്നതിനെ സംബന്ധിച്ച കൃത്യമായ കണക്ക് ലഭിക്കുകയുള്ളൂ. ഇതുവരെ ഏറ്റെടുക്കാതെ കിടക്കുന്ന മിച്ചഭൂമി ഏറ്റെടുത്തും ലാന്റ് ബാങ്കിൽ നിക്ഷിപ്തമാക്കിയിട്ടുള്ള പതിച്ച് നല്കാവുന്ന ഭൂമിയിൽ നിന്നുമാണ് ഇതിനാവശ്യമായ ഭൂമി കണ്ടെത്തുവാൻ ഉദ്ദേശിക്കുന്നത്. |
| (എഫ്) കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ സർക്കാരിന്റെ ഉടമസ്ഥതയിലും നിലവിൽ യാതൊന്നിനും ഉപയോഗിക്കാത്തതും, ഏതെങ്കിലും പദ്ധതിക്കായി നീക്കിവച്ചതോ മാറ്റിവച്ചതോ അല്ലാത്തതുമായ ഭൂമി ലഭ്യമാണോ എന്ന് വ്യക്തമാക്കാമോ ; എങ്കിൽ അതിന്റെ വിശദമായ വിവരങ്ങൾ (സർവ്വെ നം, വില്ലേജ്, അംശം, ദേശം മുതലായവ) നൽകാമോ ? | (എഫ്) പി.ഡബ്ല്യൂ.ഡി., ഇറിഗേഷൻ എന്നീ വകുപ്പുകളുടെ അധീനതയിലുള്ളതും, കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ വിയ്യൂർ വില്ലേജ്, വിയ്യൂർ ദേശം, റീസർവ്വെ 94/8 ൽപ്പെട്ടതുമായ 45 സെന്റ് ഭൂമി ലഭ്യമാണ് |

സെക്ഷൻ ഓഫീസർ